ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ 200 വീതം സീറ്റുകളിലും, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളിൽ 100 വീതം സീറ്റുകളിലുമാണ് പ്രവേശനം നൽകുന്നത്. പുറമെ സഹകരണ മേഖലയിലുള്ള കൊച്ചി, പരിയാരം മെഡിക്കൽ കോളേജുകൾ, സ്വകാര്യ മെഡിക്കൽ കോളേജുകളായ എസ്.എം.സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, കോലഞ്ചേരി, പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല, അമൃത മെഡിക്കൽ കോളേജ്, കൊച്ചി എന്നിവിടങ്ങളിൽ 100 വീതം സീറ്റുകളിലേക്കുമാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത്.

(ബി, സി) സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുന്ന വിഷയം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. സ്വകാര്യ മേഖലയിൽ ഈ വർഷം രണ്ട് പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഈ വർഷം ഇതുവരെയായി നാല് അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

മെഡിക്കൽ കോളേജ് വിദ്യാർത്ഥി പ്രവേശനം

148 [5293] ശ്രീമതി മേഴ്സി രവി:
ശ്രീ. എ. സുജനപാൽ:
„ ലൂഡി ലൂയിസ്:
„ കെ. അച്ചുതൻ:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ എന്നാരംഭിച്ചു; അത് പൂർത്തിയാക്കിയതെന്നാണ്; പ്രസ്തുത വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ പൂർത്തിയാക്കി പഠനമാരംഭിച്ചതെന്നാണ്;

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും അഡ്മിഷൻ പൂർത്തിയാക്കി പഠനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) കഴിഞ്ഞ വർഷം ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ 4-9-2002-ൽ അഡ്മിഷൻ ആരംഭിച്ചു. 20-5-2003-ൽ ആണ് അഡ്മിഷൻ പൂർത്തിയാക്കിയത്. 11-9-2002 മുതലാണ് സർക്കാർ മെഡിക്കൽ കോളേജുകളിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും പഠനം തുടങ്ങിയത്. വിവിധ കാരണങ്ങളാൽ അഡ്മിഷനും പഠനവും 20-5-2003 വരെ നീണ്ടുപോകുകയുണ്ടായി. പ്രധാനമായും കാലതാമസമുണ്ടായത് ചില സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള അംഗീകാരം കിട്ടാൻ വൈകിയതിനാലാണ്.

LIBRARY ARCHIVES Kerala Legislative Assembly